മാട്ടൂലിൽ മത്സ്യഗ്രാമം ഒരുങ്ങും; ഏഴരക്കോടിയുടെ വികസന പദ്ധതി

കണ്ണൂർ: മാട്ടൂൽ മത്സ്യഗ്രാമത്തിന്റെ സമഗ്ര വികസനത്തിന് മാതൃകാ മത്സ്യഗ്രാമം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴര കോടി രൂപയുടെ വിവിധ പ്രവൃത്തികൾ നടപ്പിലാക്കാൻ എം. വിജിൻ എം.എൽ.എയുടെ അധ്യക്ഷതയിൽ കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ചേർന്ന ഉന്നത തല യോഗം തീരുമാനിച്ചു.

തീരദേശത്തിന്റെ സമഗ്രവികസനവും, മത്സ്യത്തൊഴിലാളികളുടെ പുരോഗതിയുമാണ് പദ്ധതിയിലൂടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി മാട്ടൂൽ സൗത്തിൽ ഫിഷ് ലാന്റിങ് സെന്റർ നിർമിക്കും.

ക്രൂയിസ്, അക്വേറിയം, കമ്യൂണിറ്റി ഹാൾ, ലാൻഡ്സ്കേപ്പിങ്, ഗ്രീൻ ബെൽറ്റ്, വല നെയ്ത്തൽ കേന്ദ്രം, മത്സ്യ മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദന വിതരണ കേന്ദ്രം, ആർട്ടിഫിഷ്യൽ റീഫ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കും. മാട്ടൂൽ സൗത്തിൽ ഫിഷ് ലാന്റിങ് സെന്റർ മത്സ്യത്തൊഴിലാളികൾ ഏറെ നാളായി ആവശ്യപ്പെടുന്ന പദ്ധതിയാണ്. ഇത് പൂർത്തിയാകുന്നതോടെ മത്സ്യബന്ധന ബോട്ടുകൾ സുഗമമായി കരക്കടിപ്പിക്കാൻ സാധിക്കും.

ഇക്കോ ടൂറിസം ആശയത്തിന്റെ ഭാഗമായിട്ടാണ് അലങ്കര മത്സ്യ കേന്ദ്രവും ക്രൂയിസ് ടൂറിസം പദ്ധതിയും നടപ്പിലാക്കുന്നത്. വിവിധ ടൂറിസം കേന്ദ്രങ്ങളുമായി പുഴകൾ കേന്ദ്രീകരിച്ച് ക്രൂയിസ് പദ്ധതി നടപ്പിലാക്കുന്നതോടെ വിനോദ സഞ്ചാര വികസനത്തിന് പുത്തൻ ഉണർവ്വ് ഉണ്ടാക്കാൻ സാധിക്കും.

250 പേർക്ക് ഇരിക്കാവുന്ന നിലയിൽ കമ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതോടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പടെയുള്ളവരുടെ വിവാഹ ചടങ്ങുകൾ നടത്താനും മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ക്ലാസുകൾ നടത്താനും മറ്റും സാധിക്കും.

മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദന വിതരണ കേന്ദ്രം ആരംഭിക്കുന്നതോടെ നിരവധി സ്ത്രീകൾക്ക് തൊഴിൽ സാധ്യതയും ഉണ്ടാകും. വല നെയ്യൽ കേന്ദ്രം പൂർത്തിയായുന്നതോടെ മത്സ്യ തൊഴിലാളികൾക്ക് വെയിലും മഴയും കൊള്ളാതെ വല നെയ്യുവാനും മറ്റു അറ്റകുറ്റ പണികൾ ചെയ്യുവാനും സാധിക്കും.

പ്രസ്തുത പ്രവർത്തനങ്ങളുടെ വിശദമായ പദ്ധതി ഉടൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചു. പദ്ധതി റിപ്പോർട്ട് തയാറാക്കിയതിന് ശേഷം സർക്കാരിന്റെ അനുമതി വാങ്ങി പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാകുന്നതോടെ മാടൂൽ തീരദേശ മേഖലയുടെ മുഖച്ഛായ മാറുമെന്ന് മാത്രമല്ല, തീരദേശ മേഖലയിലാകെ പുത്തനുണർവ്വ് പ്രതിഫലിക്കുമെന്ന് എം. വിജിൻ എം.എൽ.എ. പറഞ്ഞു. തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

● ആറളത്ത് കാട്ടാന നശിപ്പിച്ച വിളകൾ.

ആറളം പുനരധിവാസ മേഖലയിൽ കാട്ടാന വിളകൾ നശിപ്പിച്ചു

കണ്ണൂർ: ആറളം ഫാം പുനരധിവാസ മേഖലയിൽ കഴിഞ്ഞദിവസവും കാട്ടാനയിറങ്ങി കാർഷിക വിളകൾ നശിപ്പിച്ചു. ബ്ലോക്ക് 13ലെ കരിക്കൻ മുക്കിലെ താമസക്കാരനായ കരിക്കന്റെയും, നങ്ങയുടെയും വീട്ടുമുറ്റത്തെ തെങ്ങും വാഴകളുമാണ് കാട്ടാന നശിപ്പിച്ചത്.

ചൊവ്വാഴ്ച അർദ്ധരാത്രിയോടെ പ്രധാന റോഡിനോട് ചേർന്ന വീടിന്റെ മുറ്റത്തെത്തിയ ആന ഏറെനേരം ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. സന്ധ്യയാവുന്നതോടെ പുറത്തിറങ്ങാൻ കഴയാത്ത അവസ്ഥയിലാണ് പുനരധിവാസ മേഖലയിലെ ജനങ്ങൾ.

കഴിഞ്ഞ ദിവസം സോളാർ വേലികൾ തകർത്ത് കാർഷിക ഫാമിലെ കോക്കനട്ട് നഴ്സറിയിലടക്കം ഇറങ്ങിയ കാട്ടാനകൾ വിൽപ്പനക്കായി തയ്യാറാക്കിയ തെങ്ങിൻ തൈകൾ അടക്കം നശിപ്പിച്ചിരുന്നു. ഫാമിലെ കൃഷിയിടത്തിൽ നിന്നും ആനകളെ തുരത്തിയാലും അവ പുനരധിവാസ മേഖലയിലെ കാടുപിടിച്ച പ്രദേശങ്ങളിൽ തമ്പടിക്കുകയും രാത്രി കാലങ്ങളിൽ മേഖലയിലെ കൃഷിയിടങ്ങളിൽ വ്യാപകമായി കൃഷി നാശം വരുത്തുകയുമാണ്.

എന്നാൽ ഇതിനു പരിഹാരമെന്നോളം വനാതിർത്തിയോട് ചേർന്ന് നിർമ്മിക്കുന്ന ആന മതിലിന്റെ നിർമ്മാണം എവിടെയുമെത്താതെ നീണ്ടു പോവുകയാണ്. കാട്ടാന അക്രമത്തിൽ പതിനാലോളം ജീവനുകൾ നഷ്ടപ്പെട്ട ഫാമിൽ കുറച്ചു മാസങ്ങളായി മരണമൊന്നും ഉണ്ടായിട്ടില്ല എന്ന് ആശ്വസിക്കുമ്പോഴും അത് ഏതു നിമിഷവും സംഭവിക്കാം എന്ന ഭീതിതമായ അവസ്ഥയാണ് നിലനിൽക്കുന്നത്. മൂന്നു മാസം മുൻപ് ഫാമിലെ കൃഷിയിടത്തിൽ വെച്ച് കാട്ടാനയുടെ അക്രമത്തിൽ പരുക്കേറ്റ വൈഷ്ണവിന്റെ സ്ഥിതി ആരുടെയും കരളലിയിപ്പിക്കുന്നതാണ്.

നെട്ടെല്ലിന് സാരമായി പരുക്കേറ്റ വൈഷ്ണവ് ചലനശക്തി നഷ്ടപ്പെട്ട നിലയിൽ ഇപ്പോഴും ആശുപത്രിയിൽ തുടരുകയാണ്.

പൊതുയോഗവും അനുമോദനവും 25ന്

പയ്യാവൂർ: സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ നിർദേശപ്രകാരം ഭേദഗതി ചെയ്ത ബൈലോ അംഗീകരിക്കുന്നതിനായി കുന്നത്തൂർ ജ്ഞാനോദയ വായനശാലയുടെ ഒരു പ്രത്യേക പൊതുയോഗം 25ന് വൈകുന്നേരം 4ന് വായനശാല ഹാളിൽ നടക്കും. ഇതോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഉന്നതവിജയം കരസ്ഥമാക്കി മലയോര ഗ്രാമമായ കുന്നത്തൂരിന്റെ അഭിമാന താരങ്ങളായി മാറിയ ഡോ. എം.വി. വിന്നീസ് (എം.ബി.ബി.എസ്), ഡോ. ഡോണ ടി. ജോസ് (ബി.ഡി.എസ്) എന്നിവരെ അനുമോദിക്കും. വായനശാല പ്രസിഡന്റ് ലിജു ജേക്കബ് അധ്യക്ഷത വഹിക്കും. പൈസക്കരി സെന്റ് മേരീസ് യു.പി. സ്കൂൾ മുഖ്യാധ്യാപകൻ സോജൻ ജോർജ് വിശിഷ്ടാതിഥിയായിരിക്കും. വായനശാലയുടെ മുഴുവൻ അംഗങ്ങളും പൊതുജനങ്ങളും പങ്കെടുക്കും.

ശ്രീകണ്ഠാപുരം നഗരസഭ അദാലത്ത്

ശ്രീകണ്ഠാപുരം: നഗരസഭയിൽ വിവിധ കാരണങ്ങളാൽ തീർപ്പാക്കാതെ അവശേഷിക്കുന്ന അപേക്ഷകൾ, പരാതികൾ തീർപ്പാക്കുന്നതിന് നഗരസഭതല അദാലത്ത് സംഘടിപ്പിച്ചു. ചെയർപേഴ്സൺ ഡോ. കെ.വി. ഫിലോമിന പരിപാടി ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ കെ. ശിവദാസൻ അധ്യക്ഷത വഹിച്ചു.

അദാലത്തിലെ അപേക്ഷകൾക്കും, പരാതികൾക്കും, നിയമാനുസൃതമായി നടപടിയെടുക്കാൻ ഉദ്യോഗസ്ഥർക്ക് ചെയർപേഴ്സൺ നിർദ്ദേശം നൽകി. നഗരസഭാ സെക്രട്ടറി ടി.വി. നാരായണൻ സ്ഥിരം സമിതി അധ്യക്ഷന്മാരായ പി.പി. ചന്ദ്രാംഗദൻ, കെ.സി. ജോസഫ് കൊന്നക്കൽ, ജോസഫീന വർഗ്ഗീസ്, വി.പി. നസീമ, ത്രേസ്യാമ്മ മാത്യു, കൗൺസിലർ കെ.വി. ഗീത, കൗൺസിലർമാർ, ഉദ്യോഗസ്ഥർ, വകുപ്പ് മേധാവികൾ പങ്കെടുത്തു. നൽപ്പത്തൊന്ന് അപേക്ഷകൾ ലഭിച്ചതിൽ 38 എണ്ണം നഗരസഭ തലത്തിൽ തീർപ്പാക്കി. നഗരസഭ തലത്തിൽ തീർപ്പാക്കാൻ സാധിക്കാത്ത അപേക്ഷകൾ തദ്ദേശ വകുപ്പ് മന്ത്രിയുടെ ജില്ലാതല അദാലത്തിലേക്ക് അയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

● ഭിന്നശേഷിക്കാരിയായ വെണ്ടുട്ടായിയിലെ ആതിര രണ്ടുമാസത്തെ പെൻഷൻ തുകയായ 3200 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൈമാറുന്നു.

പോക്സോ കേസ്; മൂന്ന് വർഷം തടവും ഒരു ലക്ഷം രൂപ പിഴയും

കണ്ണൂർ: 13 വയസുകാരിക്ക് നേരെ ലൈംഗികാതിക്രമം നടത്തിയ കേസിൽ കണ്ണൂർ മരക്കാർകണ്ടി സ്വദേശിക്ക് 3 വർഷം കഠിനതടവും ഒരുലക്ഷം രൂപ പിഴയും ശിക്ഷ. തയ്യിൽ മരക്കാർ കണ്ടി കാക്കാതോട് വലയിലെ അൻമോലിൽ പി.കെ. നസീറിനെയാണ് (46) തളിപ്പറമ്പ് അതിവേഗ പോക്സോ കോടതി ജഡ്ജി ആർ. രാജേഷ് ശിക്ഷിച്ചത്.

2020 ഒക്ടോബർ 10 നായിരുന്നു കേസിനാസ്പദമായ സംഭവം. വൈകുന്നേരം 4.15ന് സ്ക്കൂട്ടറിൽ വരികയായിരുന്ന നാസർ റോഡിലൂടെ നടന്നുപോകുകയായിരുന്ന പെൺകുട്ടിക്ക് നേരെ ലൈംഗികാതിക്രമം നടത്തുകയായിരുന്നു.

അന്നത്തെ സി.ഐ. എൻ.കെ. സത്യനാഥൻ, എസ്.ഐ. പി.സി. സഞ്ജയ്കുമാർ എന്നിവരാണ് കേസന്വേഷിച്ച് പ്രതിയെ പിടികൂടി കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പ്രോസിക്യൂട്ടർ ഷെറിമോൾ ജോസ് ഹാജരായി.

● 94 കാരിയായ പത്നിയമ്മ ചിത്രങ്ങൾ നെയ്യുന്നു ● പത്മിനി അമ്മ നെയ്തെടുത്ത ചിത്രം

94ന്റെ നിറവിലും ചിത്രങ്ങൾ നെയ്ത് പത്മിനിയമ്മ

തലശ്ശേരി: തൊണ്ണൂറ്റിനാലിന്റെ നിറവിലും പദ്മിനിയമ്മ മനോഹരമായി ചിത്രങ്ങൾ തുന്നിക്കൊണ്ടേയിരിക്കയാണ്. ഒരു ചെറിയ കുട്ടിയുടെ കൗതുകത്തോടെ.

ചൊക്ലിയിലെ നിടുമ്പ്രത്തെ മടപ്പുര റോഡിൽ കൃഷ്ണപുരം വീട്ടിൽ റിട്ട. സ്കൂൾ ഇൻസ്പെക്ടർ പരേതനായ ടി.വി. അനന്തക്കുറുപ്പിന്റേയും ദേവകിയമ്മയുടേയും മകൾ പദ്മിനിയമ്മയാണ് വിവിധ ചിത്രങ്ങൾക്ക് വർണ നൂലുകൾ കോർത്ത് ഭംഗിയും രൂപവും തുന്നിയെടുക്കുന്നത്.

വീട്ടിലിരുന്ന് രാവെന്നോ പകലെന്നോ ഇല്ലാതെ ടി.വി. കാണുമായിരുന്ന അമ്മയുടെ ശ്രദ്ധ മാറ്റാൻ മകൻ മധുസൂദനൻ മധുര കോർട്സ് നൂലുകൾ എത്തിച്ചു കൊടുത്തു. നിറമുള്ള നൂലുകളും സ്കെച്ചുമടങ്ങിയ കിറ്റ് സമ്മാനമായിക്കിട്ടിയപ്പോൾ അതിനെ വെറുതെ വിടില്ലെന്ന് പറഞ്ഞു തുടങ്ങിയ കൗതുകമാണ്, വിവിധ തരത്തിലുള്ള മനോഹരമായ നൂറ്റിയറുപതോളം ചിത്രങ്ങളിൽ എത്തി നിൽക്കുന്നത്.

വളരെ സൂക്ഷ്മതയും ശ്രദ്ധയോടും കൂടി ഒരിഴപോലും മാറിപ്പോവാതെയുമാണ് ഓരോ ചിത്രങ്ങളും പദ്മിനിയമ്മ പൂർത്തിയാക്കിയത്.

വരയും ഓരോ നൂലിനായുള്ള നമ്പറും രേഖപ്പെടുത്തിയ തുണിയിൽ ഏറെ സൂക്ഷ്മതയോടെ നൂൽ തുന്നിച്ചേർത്താണ് വിവിധ രൂപങ്ങൾ സൃഷ്ടിക്കുന്നത്. തലശ്ശേരി കോൺവെന്റ് സ്കൂളിൽ നിന്ന് ഇ.എസ്.എൽ.സി. വിജയിച്ച പദ്മിനിയമ്മ സൈന്യത്തിൽ സുബേദാറായ ഇ.കെ.കേളപ്പൻ നമ്പ്യാരെ വിവാഹം ചെയ്ത് 11 മക്കളുടെ അമ്മയായി കുടുംബ ജീവിതം നയിക്കവേ 84ാം വയസ്സിലാണ് കൗതുകം തോന്നി തുന്നൽ തുടങ്ങിയത്. വലുപ്പച്ചെറുപ്പമില്ലാതെ, വീട്ടിൽ വരുന്നവരൊക്കെ അര മണിക്കൂർ കഴിഞ്ഞാൽ സ്വന്തക്കാരുമായിരുന്നു ഇവർക്ക്. നൂജെൻ പേരക്കുട്ടികൾക്കൊപ്പം റോക്ക് ആന്റ് റോളിനും പദ്മിനിയമ്മ റെഡിയാണ്. 10 വർഷത്തിനിടെ സൃഷ്ടിച്ച ചിത്രങ്ങൾ വീട്ടിലെത്തുന്നവർക്കും കുടുംബാംഗങ്ങൾക്കും ഇവർ സമ്മാനിക്കുകയാണ് പതിവ്. ഭംഗിയായ വിവിധ ചിത്രങ്ങൾ രൂപപ്പെട്ടതോടെ അമ്മൂമ്മയുടെ വൈദഗ്ധ്യം തിരിച്ചറിഞ്ഞ കുടുംബം സൃഷ്ടികൾ സൂക്ഷിക്കാൻ തുടങ്ങി. 75 ചിത്രങ്ങളുടെ പ്രദർശനം കൃഷ്ണപുരം വീട്ടിൽ ഒരുക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് ദിവസമായി കൃഷ്ണപുരം വീട്ടിൽ നടക്കുന്ന ചിത്രപ്രദർശനം പ്രശസ്ത ചിത്രകാരൻ കെ.കെ. മാരാറാണ് ഉദ്ഘാടനം ചെയ്തത്. രാവിലെ 10 മുതൽ അഞ്ചു വരെയാണ് പ്രദർശനം. ഗീതോപദേശം, കടുവയും ചെന്നായയും ഉൾപ്പടെയുള്ള മൃഗങ്ങൾ, വിവിധ പ്രകൃതി ദൃശ്യങ്ങൾ ഇവയെല്ലാം വർണനൂലുകളാൽ അദ്ഭുത ദൃശ്യങ്ങളായിരിക്കുകയാണ്. അമ്മയുടെ ജന്മദിനാഘോഷത്തിന് മക്കളെല്ലാം നാട്ടിൽ എത്തിക്കെയാണ്. എല്ലാ ഫോൺ നമ്പറുകളും പത്മിനി യമ്മക്ക് മന:പാടമാണ്.

പുതിയ കോടതി സമുച്ചയത്തിന് ഇന്ന് തറക്കല്ലിടും

കണ്ണൂർ: കണ്ണൂരിൽ സ്ഥാപിക്കുന്ന പുതിയ കോടതി സമുച്ചയത്തിന് ഇന്ന് വൈകിട്ട് നാല് മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.

കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ടി.ആർ. രവി അധ്യക്ഷത വഹിക്കും. രജിസ്ട്രേഷൻ, മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മുഖ്യപ്രഭാഷണം നടത്തും. കണ്ണൂർ കോർപറേഷൻ മേയർ മുസ്ലിഹ് മഠത്തിൽ, കെ. സുധാകരൻ എം.പി. എന്നിവർ സംസാരിക്കും.

കവിത പ്രകാശനം

പാനൂർ: നോവലിസ്റ്റ് രാജൻ പാനൂരിന്റെ പ്രഥമ കവിത ആൽബം വിമല പ്രകാശനം ചെയ്തു. പാനൂർ കെ.കെ.വി. മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ റിട്ട. പ്രിൻസിപ്പാൾ ഇ. ഗോപാലൻ സോഷ്യൽ മീഡിയയിലൂടെ പ്രകാശനം ചെയ്തു. പ്രശസ്ത സാഹിത്യകാരൻ രാജു കാട്ടുപുനം അധ്യക്ഷത വഹിച്ചു. രാജേന്ദ്രൻ തായാട്ട്, ടി.കെ. അനിൽകുമാർ, രാജൻ പാനൂർ എന്നിവർ സംസാരിച്ചു.

● ചൊക്ലിയിൽ നടത്തിയ സാറ്റ്ലൈറ്റ് സർവ്വെ.

ചൊക്ലിയിൽ സാറ്റ്ലൈറ്റ് സർവ്വെ പൂർത്തിയാക്കി

പാനൂർ: മേക്കുന്നിലെയും ആണ്ടിപീടികയിലെയും പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് അനുവാദപത്രിക നൽകാൻ ചൊക്ലി ഗ്രാമപഞ്ചായത്ത് സാറ്റ്ലൈറ്റ് സർവ്വെ പൂർത്തിയാക്കി. മേക്കുന്നിൽ മുപ്പത്തി മൂന്ന് കുടുംബമാണുള്ളത്.

ഇതിൽ പത്ത് വീട്ടുകാർ കൈവശ രേഖ ലഭിക്കാത്തതു കൊണ്ട് പുതിയ വീടുകൾ നിർമ്മിക്കാൻ കഴിയാത്തതിനാൽ തകർന്നു വീഴാറായ വീട്ടിൽ നിന്നും വാടക വീട്ടിലേക്ക് മാറി. ആണ്ടിപ്പീടിക കുന്നുമ്മൽ കണ്ടിയിൽ പന്ത്രണ്ട് വീട്ടുകാർക്കാണ് പട്ടയം ലഭിക്കാനുള്ളത്. മേക്കുന്നിൽ നിലവിൽ താമസമുള്ള മൂന്ന് വീടുകൾ ഒരു ചുമർ അതിർത്തിയായ ഇരട്ട വീടുകളാണ്.

ഇതിൽ ഒരു ഇരട്ടവീട് പൂർണ്ണമായും തകർന്നതിനാൽ മൂന്ന് ചെറിയ കുട്ടികളെ അനാഥാലയത്തിലേക്ക് മാറ്റിയിരിക്കുകയാണ്. സാറ്റ്ലൈറ്റ് സർവ്വെ പൂർത്തിയാകുന്ന മുറക്ക് നിലവിൽ താമസിക്കുന്നവർക്ക് അനുവാദ പത്രം നൽകുമെന്നും അർഹതയില്ലാത്ത സ്വകാര്യ വ്യക്തികൾ കൈവശം വെക്കുന്ന പാവപ്പെട്ടവരുടെ ഭൂമി തിരിച്ചുപിടിക്കുമെന്നും പട്ടയം ലഭിച്ചതിനു ശേഷം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് ഗവൺമെന്റിൽ സമർപ്പിക്കുമെന്നും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു.

കർഷക തൊഴിലാളി മേനപ്രം വില്ലേജ് കമ്മിറ്റിയാണ് പട്ടയം ലഭിക്കാനുള്ളവരുടെ അപേക്ഷകൾ ജനകീയ കൺവൻഷനിൽ ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കൈമാറിയത്. സാറ്റ്ലൈറ്റ് സർവ്വെ മേക്കുന്നിൽ ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ. രമ്യ ടീച്ചർ ഉദ്ഘാടനം ചെയ്തു.

ടി. ജയേഷ്, ലൈസൻസ്ഡ് സർവേയർ കെ.പി. സജിത, എം. ഷിജു, ബി. ബബിലേഷ്, ഗ്രാമപഞ്ചായത്ത് സീനിയർ ക്ലർക്ക് പി. ശ്രീനാഥൻ, എം. സജില, പി.വി. നവാസ്, അനിൽകുമാർ എന്നിവർ പങ്കെടുത്തു.

ആണ്ടിപ്പിടിക കുന്നുമ്മൽ കണ്ടിയിൽ കഴിഞ്ഞ ഭരണസമിതി 16 പട്ടയം അനുവദിച്ചിരുന്നു ഇതിൽ സങ്കേതിക തകരാറുള്ള 12 പട്ടയമാണ് ഇനി ലഭിക്കാനുള്ളത്.

കുന്നുമ്മൽ കണ്ടിയിൽ നടന്ന സാറ്റ്ലൈറ്റ് അളവ് ഗ്രാമപഞ്ചായത്ത് മെമ്പർ പി.വി. ഷീജ ഉദ്ഘാടനം ചെയ്തു.

കെ.കെ. കനകരാജ് എ.പി. നവാസ്, കെ.കെ. ഫെബിൻ, കെ.കെ. സാനേഷ് എന്നിവർ നേതൃത്വം നൽകി.

അഡ്മിഷൻ തുടങ്ങി

പയ്യാവൂർ: ധാരാളം ജോലി സാധ്യതകൾ നിലവിലുള്ള ബി കോം ലോജിസ്റ്റിക്സ്, ബി. ബി.എ. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നീ കോഴ്സുകൾ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേറ്റഡ് കോളജായ പൈസക്കരി ദേവമാതാ ആർട്സ് ആൻഡ് സയൻസ് കോളജിലും ആരംഭിച്ചു.

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ആദ്യവും സംസ്ഥാനത്ത് തന്നെ അപൂർവവുമായ ഈ കോഴ്സുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുമായി കോളജ് ഓഫീസിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 04602939190, 9188702610, 9447766778.

ആന്തരീക സൗഖ്യ ധ്യാനം 25ന്

പയ്യാവൂർ: നെല്ലിക്കുറ്റി സീയോൺ ധ്യാന കേന്ദ്രത്തിൽ ആന്തരീക സൗഖ്യ ധ്യാനം 25ന് വൈകുന്നേരം 5.30ന് ആരംഭിച്ച് 29ന് രാവിലെ 8ന് സമാപിക്കും. പങ്കെടുക്കേണ്ടവർ പേര് രജിസ്റ്റർ ചെയ്യണമെന്ന് ധ്യാനകേന്ദ്രം ഡയറക്ടർ അറിയിച്ചു. ഫോൺ: 7306859339.

സിറ്റി യൂണിയൻ ബാങ്ക് ലിമിറ്റഡ്
ക്രഡിറ്റ് റിക്കവറി & മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് : നം. 24-ബി, ഗാന്ധി നഗർ
കുംഭകോണം-612001. ഇ-മെയിൽ : crmd@cityunionbank.in
Ph. 0435-2432322, Fax: 0435-2431746

പ്രസിദ്ധീകരണത്തിന് -ഡിമാൻഡ് നോട്ടീസ്

2002-ാം ആണ്ടിലെ സെക്യുരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് സെക്ഷൻ 13(2) പ്രകാരം 24 07 2024 ൽ രജിസ്റ്റേർഡ് പോസ്റ്റ് ആയി അയച്ച നോട്ടീസ് കൈപ്പറ്റാതെ മടങ്ങിയിട്ടുള്ളതാണ്. അതിനാൽ ശ്രീ. മുഹമ്മദ് ജാസിം, ശ്രീ.മുഹമ്മദ് സലിം അബ്ദുൾ ഗഫൂർ എന്നിവരെ അറിയിക്കുന്നത്.

നമ്പർ.1) നമ്പർ.1) എം./എസ്. ഷെറിൻ ഏജൻസീസ്, സി.പി. എക്സ് 7-310, കടങ്കോട്, കണ്ണൂർ, കേരളം-670594. നമ്പർ.2) ശ്രീ. അബ്ദുൾ അസീസ്, അബ്ദുൾ ഖാദർ മകൻ, ചെറിയത്ത് വീട്ടിൽ താമസം, വാരം കടങ്കോട്, കണ്ണൂർ ബ്രാഞ്ച് 670594. നമ്പർ.3)ശ്രീമതി. പി.എ.കുഞ്ഞാമിന, വ/ഓ. അബ്ദുൾ അസീസ്, താമസം ചെറിയത്ത് വീട്ടിൽ, കാടങ്കോട്, വാരം, കണ്ണൂർ-670594. നമ്പർ.4)ശ്രീമതി. വായയിൽ മുംതാസ് (ഉസ്മൈസ അബ്ദുൾ ഗഫൂർ, മുഹമ്മദ് ജാസിം, മുഹമ്മദ് സലിം അബ്ദുൾ ഗഫൂർ എന്നിവരുടെയും പിഎഎ), ഖാലിദ് ബി ഭാര്യ, ബറാക്ക്, കൊടപറമ്പ്, താണാ പോസ്റ്റ്, കണ്ണൂർ - 670012. നമ്പർ 5) ശ്രീമതി. പി.എ. മറിയം, അബ്ദുല്ല മകൾ, ആയിഷ ഹൗസ്, വാരം, കാടകോട്, കണ്ണൂർ - 670594. നമ്പർ.6) ശ്രീമതി. ഉമൈസ് അബ്ദുൾ ഗഫൂർ, കെ.പി 37എ, ടിയുബിഎ, കൊടപ്പറമ്പ റോഡ്, താണ പോസ്റ്റ്, കണ്ണൂർ - 670012, 7)ശ്രീ. മുഹമ്മദ് ജാസിം, കെപി 37 എ, ടിയുബിഎ, കൊടപ്പറമ്പ റോഡ്, താണ പോസ്റ്റ്, കണ്ണൂർ - 670012. നമ്പർ 8) ശ്രീ. മുഹമ്മദ് സലിം അബ്ദുൾ ഗഫൂർ, കെപി 37 എ, ടിയുബിഎ, കൊടപറമ്പ് റോഡ്, താണ പോസ്റ്റ്, കണ്ണൂർ-670012.
ബഹുമാന്യരെ,

വിഷയം: എം./എസ്. ഷെറിൻ ഏജൻസീസ് എന്ന പേരിൽ സിറ്റി യൂണിയൻ ബാങ്ക് ലിമിറ്റഡ്, കണ്ണൂർ ബ്രാഞ്ചിൽ ഉള്ള ലോൺ അക്കൗണ്ട് / ഓവർഡ്രാഫ്റ്റ് സംബന്ധിച്ച്

സിറ്റിയൂണിയൻ ബാങ്ക് സർഫാസി ആക്ട് അനുസരിച്ച് 24-07-2024 ൽ പുറപ്പെടുവിക്കുന്ന നോട്ടീസ് എന്തെന്നാൽ, നിങ്ങളിൽ 1,2,3 വരെയുള്ള നമ്പറുകളെ ഒരുമിച്ചും പ്രത്യേകമായും നിങ്ങളുടെ ലോൺ അക്കൗണ്ട് നമ്പർ 501812080083699 ലേക്ക് രൂപ. 8,40,176/- (എട്ട് ലക്ഷത്തി നാൽപ്പതി നായിരത്തി ഒരു നൂറ്റി എഴുപത്തിയാറ് രൂപ മാത്രം), 1 മുതൽ 8 വരെയുള്ള നമ്പറുകളെ ഒരുമിച്ചും പ്രത്യേകമായും നിങ്ങളുടെ ലോൺ അക്കൗണ്ട് നമ്പർ 146120000188532 ലേക്ക് രൂപ. 2,84,41,258/-(രണ്ടുകോടി എൺപത്തിനാല് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി ഇരുനൂറ്റിഅമ്പത്തിയെട്ട് മാത്രം) 11-07-2024 വരെയും 146120000188532 ന് 10.60% പലിശയും 2.00% വാർഷിക പിഴ പലിശയും (കൂട്ടുപലിശയല്ല)സഹിതം, 146120000188532 ന് 10.60% പലിശയും 2.00% വാർഷിക പിഴ പലിശയും (കൂട്ടുപലിശയല്ല)സഹിതം, 501812080083699 ന് 10.75% പലിശയും 2.00% വാർഷിക പിഴ പലിശയും (കൂട്ടുപലിശയല്ല)സഹിതം, 12-07-2024 മുതൽ തിരിച്ചടവ് തീയതി വരെയും അടയ്ക്കേണ്ടതാണ്. നിങ്ങൾക്ക് രജിസ്റ്റർ ചെയ്ത തപാൽ മുഖേന അയച്ച അറിയിപ്പ് നിങ്ങളിൽ നം. 1, 2, 3, 4, 5, 6 എന്നിവർ സ്വീകരിക്കുകയും, നമ്പർ 7,8 മടക്കുകയും ചെയ്തിട്ടുള്ളതാണ്. അതിനാൽ, ഞങ്ങൾ നിങ്ങൾ 1,2,3 നമ്പറുകളോട് സംയുക്തമായും വെവ്വേറെയും അറിയിക്കുന്നതെന്തെന്നാൽ ലോൺ അക്കൗണ്ട് നം.501812080083699 ൽ രൂപ. 8,40,176/- (എട്ട് ലക്ഷത്തി നാൽപ്പതി നായിരത്തി ഒരു നൂറ്റി എഴുപത്തിയാറ് രൂപ മാത്രം), നിങ്ങൾ 1മുതൽ 8 വരെ നമ്പറുകളോട് സംയുക്തമായും വെവ്വേറെയും അറിയിക്കുന്നതെന്തെന്നാൽ ലോൺ അക്കൗണ്ട് നം.146120000188532 ൽ രൂപ. 2,84,41,258/-(രണ്ടുകോടി എൺപത്തിനാല് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി ഇരുനൂറ്റിഅമ്പത്തിയെട്ട് മാത്രം), തുടർ പലിശ നം.146120000188532 ന് 10.60% പലിശയും 2.00% വാർഷിക പിഴ പലിശയും (കൂട്ടുപലിശയല്ല)സഹിതം, നം.146120000188532 ന് 10.60% പലിശയും 2.00% വാർഷിക പിഴ പലിശയും (കൂട്ടുപലിശയല്ല)സഹിതം, നം.501812080083699 ന് 10.75% പലിശയും 2.00% വാർഷിക പിഴ പലിശയും (കൂട്ടുപലിശയല്ല)സഹിതം, 12-07-2024 മുതൽ നാളിതുവരെയുള്ള ബാധ്യതതുക ഈ നോട്ടീസ് തീയതിക്ക് അറുപതു ദിവസങ്ങൾക്കുള്ളിൽ അടച്ചുതീർക്കുന്നതല്ലെങ്കിൽ ബാങ്ക് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് അനുസരിച്ച് നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന വസ്തുക്കൾ കൈവശപ്പെടുത്തുന്നതാണ്. മുൻവിധികളില്ലാതെ പ്രസിദ്ധപ്പെടുത്തുന്ന ഈ അറിയിപ്പ് ബാങ്കിന് ലഭ്യമായ മറ്റേതെങ്കിലും അവകാശത്തിന് തടസമാകാതിരിക്കുന്നതിനാണ്.

ഞങ്ങളുടെ ബാങ്കിന് ഈടുവച്ച സ്ഥാവരവസ്തു

ഷെഡ്യൂൾഎ: (അബ്ദുള്ള മകൾ ശ്രീമതി പി എ മറിയത്തിന്റെ ഉടമസ്ഥതയിലുള്ള സ്വത്ത്)
കണ്ണൂർ ജില്ല, കണ്ണൂർ - 673002, കണ്ണൂർ താലൂക്കിൽ റിസർവ്വേ നം.93/159, റിസർവ്വേ നം.93/160 ൽ ആകെ 5.33 ആർ (4.86 ആർ, 0.47 ആർ) വസ്തുവും മുഴുവൻ ഭാഗവും അതിലുള്ള കെട്ടിടവും, വലിയന്നൂർ അംശം വാരം ദേശം കണ്ണൂർ കോർപ്പറേഷനിൽ അതിരുകൾ: കിഴക്ക്: ഫാത്തിമയുടെ സ്വത്ത്, തെക്ക്: സ്വകാര്യ റോഡ്, പടിഞ്ഞാറ്: നഫീസയുടെ സ്വത്ത്, വടക്ക്: നഫീസയുടെ സ്വത്ത്.

ഷെഡ്യൂൾ ബി: (അബ്ദുൾ അസീസ് ഭാര്യ ശ്രീമതി. പി.എ. കുഞ്ഞാമിനയുടെ ഉടമസ്ഥതയിലുള്ള സ്വത്ത്)
കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ വലിയന്നൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന റിസർവ്വേ നമ്പർ 93/8ൽ 15.25 സെന്റ് സ്ഥലവും വാസയോഗ്യമായ കെട്ടിടവും. അതിരുകൾ: കിഴക്ക് വഴി: റോഡ്, പടിഞ്ഞാറ്: നബീസയുടെ സ്വത്ത് (വീട് 1/228), വടക്ക്: ഫാത്തിമയുടെ സ്വത്ത്, തെക്ക്: സായിദയുടെ സ്വത്ത്.

ഷെഡ്യൂൾ സി: (ഖാലിദ് ബി ഭാര്യ ശ്രീമതി വായയിൽ മുംതാസിന്റെ ഉടമസ്ഥതയിലുള്ള സ്വത്ത്)
കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ കിഴുന്ന ദേശം എടക്കാട് അംശത്തിൽ റിസർവ്വേ നമ്പർ 4/1 ഐഎസ് നമ്പർ 5/2 ൽ 30 സെന്റ് ഭൂമി. അതിരുകൾ: വടക്ക്: കൗസല്യയുടെ സ്വത്ത്, കിഴക്ക്: ഇടുങ്ങിയ പാത തെക്ക്: ഇടവഴി, പടിഞ്ഞാറ്: രവീന്ദ്രന്റെ സ്വത്ത്.

ഷെഡ്യൂൾ ഡി: (പിഎ ഉടമ വായയിൽ മുംതാസ് പ്രതിനിധീകരിക്കുന്ന ഉമൈസ അബ്ദുൾ ഗഫൂർ മുഹമ്മദ് ജാസിം, മുഹമ്മദ് സേലം അബ്ദുൾ ഗഫൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്വത്ത്)
കെട്ടിട നം. കെഐൽ 7/440എഫ് (പുതിയ നമ്പർ.45/460) ൽ താഴത്തെ നിലയുള്ള കെട്ടിടത്തോടുകൂടിയ 15 ചതുരശ്ര മീറ്റർ സ്ഥലം, കെട്ടിട നം. കെഐൽ 7/440 ഒ, (പുതിയ നമ്പർ.45/472), ഒന്നാം നില, നമ്പർ 7/440എക്സ് (പുതിയ 45/480), രണ്ടാം നില, റിസർവ്വേ നമ്പർ.2/1ബി, ഐഎസ് നമ്പർ 2884/1 ൽ സ്ഥിതി ചെയ്യുന്ന കെട്ടിടവും, കണ്ണൂർ 2 അംശം, കണ്ണൂർ. അതിരുകൾ: കിഴക്ക്: മുഹമ്മദ് ഫാസിയുടെ സ്വത്ത്, അബ്ദുൽ സലാമിന്റെ തെക്ക് സ്വത്ത്, പടിഞ്ഞാറ്: റോഡ്, വടക്ക്: അബ്ദുൽ സലാമിന്റെയും മറ്റുള്ളവരുടെയും സ്വത്ത്.

ഞങ്ങളുടെ ബാങ്കിലേക്ക് ഈടുവച്ചിട്ടുള്ള ജംഗമവസ്തുക്കൾ - ഷെഡ്യൂൾ- ഇ
ഉടമയുടെ പേര്: അബ്ദുൾ അസീസ്, വിലാസം: അഹെറിൻ ഏജൻസീസ്, സിപി 17/310, കാടങ്കോട്, വാരം പോസ്റ്റ്, കണ്ണൂർ, കേരളം - 670594. റെജിസ്ട്രേഷൻ. നം.കെഎൽ 13എയു2934, ചേസിസ് നമ്പർ MBTAB42EOMRNT6052, എഞ്ചിൻ നമ്പർ NMHO61201P, ടാക്സ്: 31 മാർച്ച് 2022 വരെ, ഉപയോഗിച്ച ഇന്ധനം: ഡീസൽ, എമിഷൻ നോംസ്:ഭാരത് സ്റ്റേജ് 6, വീൽ ബേസ്: 2590എംഎം, ക്യൂബിക് കപ്പാസിറ്റി: 1478.00, നമ്പർ ഓഫ് സിലിണ്ടേഴ്സ്: 3, ULW\GVW(Kgs): 19770\3490, നിർമാതാവിന്റെ പേര്: അശോക് ലൈലാൻറ് ലിമിറ്റഡ്, മോഡലിന്റെ പേര്: BDADOST 14TADD നിറം: S ഗ്രേയും മഞ്ഞയും, ബോഡിടൈപ്പ്: ക്ലോസ്ഡ്.

ഷെഡ്യൂൾ- എഫ്
ഉടമയുടെ പേര്: അബ്ദുൾ അസീസ്, വിലാസം: അഹെറിൻ ഏജൻസീസ്, സിപി 17/310, കാടങ്കോട്, വാരം പോസ്റ്റ്, കണ്ണൂർ, കേരളം - 670594. റെജിസ്ട്രേഷൻ. നം.കെഎൽ 13എയു2931, ചേസിസ് നമ്പർ MBTAB42EOMRNT4471, എഞ്ചിൻ നമ്പർ NMHO60315P, ടാക്സ്: 31 മാർച്ച് 2022 വരെ, ഉപയോഗിച്ച ഇന്ധനം: ഡീസൽ, എമിഷൻ നോംസ്:ഭാരത് സ്റ്റേജ് 6, പ്രാബല്യത്തിൽ വരുന്ന തീയതി: 20ജനുവരി 2022, രജിസ്ട്രേഷൻ തീയതി: 19ജനുവരി 2022, സാധുത: 13ജനുവരി2037, നിർമാണ മാസവും വർഷവും: 12/2021, ക്യൂബിക് കപ്പാസിറ്റി: 1478.00, നമ്പർ ഓഫ് സിലിണ്ടേഴ്സ്: 3, ULW\GVW(Kgs): 19770\3490, നിർമാതാവിന്റെ പേര്: അശോക് ലൈലാൻറ് ലിമിറ്റഡ്, മോഡലിന്റെ പേര്: BDADOST 14TADD നിറം: S ഗ്രേയും മഞ്ഞയും, ബോഡിടൈപ്പ്: ക്ലോസ്ഡ്. വീൽ ബേസ്: 2590എംഎം.

സ്ഥലം: കുംഭകോണം, തീയതി: 23-08-2024 അംഗീകൃത ഉദ്യോഗസ്ഥൻ

രജി. ഓഫീസ്: 149 ടി.എസ്.ആർ. (ബിഗ്) സ്ട്രീറ്റ്, കുംഭകോണം, തഞ്ചാവൂർ ജില്ല, തമിഴ്നാട്-612001, CIN - L65110TN1904PLC001287,
ടെലിഫോൺ നമ്പർ.04352402322 ഫാക്സ്: 04352431746. വെബ്സൈറ്റ്: www.ctiyunionbank.com

MABEN NIDHI LIMITED
CIN:U65991 KL 1993PLN007584 Building No.IV-709 B, First Floor ,JP Tower,
Near High School Junction, Valappad P.O, Thrissur Dt., Kerala-680567

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ താഴെ പറയുന്ന ശാഖകളിലെ കാലാവധി കഴിഞ്ഞ സ്വർണ്ണപണയ അക്കൗണ്ടുകൾ 31-08-2024ന് പൊതു ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വിവരം സ്വർണ്ണാഭരണം പണയം വച്ചിട്ടുള്ളവരെയും പൊതുജനങ്ങളെയും അറിയിച്ചുകൊള്ളുന്നു. ലേലസ്ഥലം: മാബെൻ നിധി ലിമിറ്റഡ്, ഇടപാട് നടത്തിയ ശാഖ. അന്നേദിവസം ലേലം പൂർത്തിയാകാത്ത പക്ഷം തുടർന്നു വരുന്ന പ്രവൃത്തി ദിവസങ്ങളിൽ മറ്റൊരു അറിയിപ്പും കൂടാതെ ലേലം ചെയ്യുന്നതായിരിക്കും.

KANNUR EDITION

KANNUR : 0232010700027639, 27649, MABEN KASARGOD : 0230310700779022, 79023, 79063, 79072, 79092, 79131, 79161, 79182, NEW RAILWAY STATION ROAD KANHANGAD : 0230340700813130, 14003, 15343, 15350, 15358, 15364, 15378, 15392, 15411, 15432, 15459, 15490, 15507, 15527, 15550, 15556, 15604, 15611, 15614, 15643, 15655, NILESWARAM : 0230360700075160, 76232, 76350, 76391, 76392, 76415, 76459, 76480, 76486, 76498, 76529, 76540, 76575, 76582, 76585, PAYYANNUR : 0230420700738913, 38955, TALIPARAMBA : 0200660700082801, 82802, 82908, 83029, 83035, 83049, 83058, 83061, 83073, 83080, 83088, NEW RAILWAY STATION ROAD KANHANGAD : 0230340700815183

വായ്പയെടുത്തിട്ടുള്ള ആളുകൾ പണയമായി നൽകിയിട്ടുള്ളവയാണ് ഈ സ്വർണ്ണാഭരണങ്ങൾ. രജിസ്ട്രേഡ് തപാൽ മുഖേന അവരെ വിവരം അറിയിച്ചിട്ടും, പണം അടച്ച് കണക്ക് തീർക്കുന്നതിലും പണയം വെച്ച സ്വർണ്ണാഭരണങ്ങൾ തിരികെ എടുക്കുന്നതിലും അവർ വീഴ്ച വരുത്തിയിരിക്കുന്നു. ലേലത്തിന് വച്ചിരിക്കുന്ന പണയ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. മേൽപറഞ്ഞ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, തിരിച്ചറിയൽ, മേൽവിലാസം ഇവ രണ്ടിനും തെളിവായുള്ള യുക്തവും സ്വീകാര്യവും ആയ തിരിച്ചറിയൽ രേഖകൾ കൊണ്ടുവരേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതും ലേലം സ്ഥിരീകരിക്കുന്നതും കമ്പനിയുടെ മാത്രം വിവേചനാധികാരപ്രകാരം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും 30-08-2024 തിയ്യതിയോ അതിന് മുമ്പോ 8086099702 എന്ന നമ്പറിൽ ദയവായി ബന്ധപ്പെടേണ്ടതാണ്.

അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ,
മാബെൻ നിധി ലി.

അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്., (ആർസിൽ)
Arcil Premier ARC
CIN-U65999MH2002PLC134884\ വെബ്സൈറ്റ്: www.arcil.co.in
എം./എസ്. ശ്രീ ഗുരുജി സ്പൈസസുമായി ബന്ധപ്പെട്ട സാമ്പത്തിക ആസ്തികളുടെ ട്രസ്റ്റിന്റെ ട്രസ്റ്റി എന്ന നിലയിൽ ആർസിൽ-എസ്ബിപിഎസ്-006-VII അതിന്റെ ശേഷിയിൽ പ്രവർത്തിക്കുന്നു
ആർസിൽ ഓഫീസ്: ദി റൂബി, പത്താം നില, 29, സേനാപതി ബാപത് മാർഗ്, ദാദർ (പടിഞ്ഞാറ്). മുംബൈ-400 028

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (സർഫാസി ആക്ട്), 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8,9 വ്യവസ്ഥ പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് ഓൺലൈനിൽ സ്ഥാവര സ്വത്തുക്കൾ വിൽക്കുന്നതിനുള്ള പൊതു ഇ-ലേല വിൽപന നോട്ടീസ്

പൊതുവെ പൊതുജനങ്ങൾക്കും വായ്പക്കാർ (ജാമ്യക്കാർ) / പണയക്കാർ എന്നിവർക്കു പ്രത്യേകിച്ചും ഈ നോട്ടീസ് മുഖേ നൽകുന്ന അറിയിപ്പ്, താഴെ വിവരിച്ചിരിക്കുന്ന പണയം വെച്ച/ഈടു നൽകിയിട്ടുള്ള സ്ഥാവരജംഗമ സ്വത്തുക്കൾ/അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്, ആർസിലിന്റെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നു - ആർസിൽ-എസ്ബിപിഎസ്-006-VII ട്രസ്റ്റ് ("ആർസിൽ") (കർണാടക ബാങ്ക് 2021 നവംബർ 26 ലെ രജിസ്റ്റർ ചെയ്ത അസൈൻമെന്റ് ഉടമ്പടി പ്രകാരം ആർസിലിന് സാമ്പത്തിക ആസ്തി നൽകിയതിന് അനുസൃതമായി, ഓൺലൈൻ ഇലേലത്തിലൂടെ 'എവിടെയായിരിക്കുന്നുവോ അതുപോലെ, എന്താണോ അതുപ്രകാരം, വീണ്ടെടുപ്പില്ലാത്ത വ്യവസ്ഥപ്രകാരം നിലവിലുള്ള കുടിശിക, തുടർ പലിശ, ചാർജുകൾ, ചെലവുകൾ മുതലായവ ഈടാക്കുന്നതിന് ചുവടെ വിശദമായി വിവരിച്ചിരിക്കുന്ന വ്യവസ്ഥപ്രകാരം 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിന്റെ 8, 9 ചട്ടങ്ങൾപ്രകാരവും 2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് വ്യവസ്ഥകൾ അനുസരിച്ച് വിൽക്കുന്നതായിരിക്കും.

വായ്പക്കാരൻ പേര്	എം./എസ്. ശ്രീ ഗുരുജി സ്പൈസസ്, നടത്തിപ്പുകാരായി പ്രതിനിധീകരിക്കുന്നത്: ശ്രീ. ഷാജു എൻ.പി കെ.പി.എം. ബിൽഡിംഗ്, 10/11/95, ജി.എൽ.പി സ്കൂളിന് എതിർവശത്ത് ചാലിശ്ശേരി പോസ്റ്റ് പാലക്കാട് (ജില്ല), കേരളം-679536.
ജാമ്യക്കാരുടെ / സഹവായ്പക്കാരുടെ / പണയക്കാരുടെ പേര്	(1) ശ്രീ. ഷാജു എൻ.പി., (2) ശ്രീ. അബ്ദുൾ ഖാദർ കെ.പി., (3) ശ്രീ. നൗഫൽ ചേരമൽ.
സർഫാസി നോട്ടീസ് 2022 ജൂലൈ 05 അറിയിപ്പ് പ്രകാരമുള്ള കുടിശ്ശിക തുക	രൂപ. 9,44,40,327/- (ഇന്ത്യൻ രൂപ ഒമ്പത്കോടി നാൽപ്പത്തി നാല് ലക്ഷത്തി നാൽപ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ജൂലൈ 05, 2022 പ്രകാരം, ഒപ്പം, കരാർ/രേഖപ്പെടുത്തിയ പ്രകാരമുള്ള നിരക്കുകളിലുള്ള ജൂലൈ 06, 2022 മുതൽ തുടർ പലിശയും മറ്റ് ആകസ്മിക ചെലവുകളും.
കൈവശപ്പെടുത്തൽ	2002ലെ സർഫാസി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 2022 സെപ്തംബർ 22 ന് ആർസിലിന്റെ ഭൗതിക കൈവശം
പരിശോധനാ തീയതി	ആവശ്യപ്പെട്ടാൽ ക്രമീകരിക്കും
നിരതദ്രവ്യം (ഇ.എം.ഡി)	രൂപ 10,30,000/- (രൂപ പത്തുലക്ഷത്തി മുപ്പതിനായിരം മാത്രം). 'അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്', കറന്റ് അക്കൗണ്ട്: 02912320000561, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ബ്രാഞ്ച്: ലോവർ പരേൽ, മുംബൈ, ഐഎഫ്എസ്സി കോഡ്: എച്ച്ഡിഎഫ്സി 0000291 എന്ന വിലാസത്തിൽ ആർടിജിഎസ് ഹെവറിംഗ് വഴിയാണ് നിരതദ്രവ്യം നിക്ഷേപിക്കേണ്ടത്.
ബിഡ്, ഇഎംഡി സമർപ്പിക്കാനുള്ള അവസാന തീയതി	11-09-2024 വൈകുന്നേരം 5:00 മണിക്ക് മുമ്പ്
കരുതൽ വില	രൂപ. 1,03,00,000/- (രൂപ ഒരു കോടി മൂന്ന് ലക്ഷം മാത്രം).
ബിഡ് വർദ്ധനവ്	രൂപ.30,000/ (മുപ്പതിനായിരം രൂപ മാത്രം) & അതിന്റെ ഗുണിതങ്ങളും.
ഇലേല തീയതിയും സമയവും	12.09.2024 ഉച്ചയ്ക്ക് 12.00 മണിക്ക്
ആർസിലിന്റെ അറിവിലുള്ള തീർപ്പാക്കാത്ത വ്യവഹാരങ്ങൾ	അംഗീകൃത ഓഫീസറുടെ ഏറ്റവും മികച്ച അറിവിലും വിവരത്തിലും വസ്തുവിൽ തീർപ്പാക്കാത്ത വ്യവഹാരങ്ങൾ ഇല്ല
ആർസിലിന്റെ അറിവിലുള്ള ബാധ്യതകൾ/കുടിശ്ശികകൾ	അംഗീകൃത ഓഫീസറുടെ ഏറ്റവും മികച്ച അറിവിലും വിവരത്തിലും വസ്തുവിന്മേൽ യാതൊരു ബാധ്യതയും ഇല്ല
ലേലം ചെയ്യപ്പെടുന്ന സുരക്ഷിത ആസ്തിയുടെ വിവരണം.	പണയപ്പെടുത്തിയ വസ്തുവകകളുടെ വിവരണം: പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ നെന്മിനിമംഗലം അംശം വല്ലപ്പുഴ ദേശത്തിലെ പഴയ സർവ്വേ നം. നമ്പർ.7/2 ബി. യിൽ സ്ഥിതി ചെയ്യുന്ന സ്വത്ത്. ക്രമ നമ്പർ 1: നെന്മിനിമംഗലം അംശം, വല്ലപ്പുഴ ദേശം, പട്ടാമ്പി വില്ലേജിൽ പഴയസർവ്വേ നമ്പർ.7/2ബി, ൽ 0.6170 ഹെക്ടർ ഭൂമി. അതിരുകൾ: കിഴക്ക്: 3മീറ്റർ വീതിയുള്ള റോഡും ദാസന്റെ ഭൂമിയും, തെക്ക്: സത്യൻ, റസിയ തുടങ്ങിയവരുടെ കൈവശമുള്ള ഭൂമി, പടിഞ്ഞാറ്: ബഷീറിന്റെയും നസീമയുടെയും സ്വത്ത്, വടക്ക്: സ്വന്തമായി വാങ്ങേണ്ട ഭൂമി. ക്രമ നമ്പർ 2: നെന്മിനിമംഗലം അംശം, വല്ലപ്പുഴ ദേശം, പട്ടാമ്പി വില്ലേജിൽ പഴയസർവ്വേ നമ്പർ.7/2ബി, ൽ 0.6008 ഹെക്ടർ ഭൂമി. അതിരുകൾ: കിഴക്ക്: 3 മീറ്റർ വീതിയുള്ള റോഡ്, തെക്ക്: സ്വന്തമായി വാങ്ങേണ്ട ഭൂമി, പടിഞ്ഞാറ്: ബഷീറിന്റെയും നസീമയുടെയും ഭൂമി, വടക്ക്: സ്വന്തമായി വാങ്ങേണ്ട ഭൂമി. ക്രമ നമ്പർ 3: നെന്മിനിമംഗലം അംശം, വല്ലപ്പുഴ ദേശം, പട്ടാമ്പി വില്ലേജിൽ പഴയസർവ്വേ നമ്പർ.7/2ബി, ൽ 0.0858 ഹെക്ടർ ഭൂമി. അതിരുകൾ: കിഴക്ക്: പഞ്ചായത്ത് റോഡ്, തെക്ക്: സ്വന്തമായി വാങ്ങേണ്ട സ്ഥലം, പടിഞ്ഞാറ്: ബഷീറിന്റെയും നസീമയുടെയും ഭൂമി, വടക്ക്: പഞ്ചായത്ത് റോഡ്. വാസയോഗ്യമായ ഒഴിഞ്ഞ ഭൂമിയുടെ 322 സെന്റ് അളവ്. വസ്തുവിന്റെ ഉടമസ്ഥൻ ശ്രീ. ഷാജു എൻ.പി

ഉപാധികളും നിബന്ധനകളും:
1. സർഫാസി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അംഗീകൃത ഓഫീസർ സഹായത്തോടെയും ഇലേലത്തിലൂടെയും ലേല വിൽപ്പന നടത്തുന്നു. www.arcil.co.in എന്ന വെബ്സൈറ്റിലൂടെ 'ഓൺലൈൻ ഇലക്ട്രോണിക് മോഡ്' വഴി മാത്രമേ ലേലം/ബിഡ്ഡിംഗ് നടത്താവൂ.
2. ബിഡ് ഡോക്യുമെന്റിൽ കൂടുതൽ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചും അതിൽ പറഞ്ഞിരിക്കുന്ന നടപടിക്രമം അനുസരിച്ചുമാണ് ലേലം നടത്തുന്നത്. ലേലം വിളിക്കുന്നവർക്ക് ആർസിലിന്റെ വെബ്സൈറ്റ്, www.arcil.co.in എന്നിവയിലൂടെയും മുകളിൽ സൂചിപ്പിച്ച ലിങ്കിലൂടെയും ബിഡ് ഡോക്യുമെന്റുകൾക്കായി വെബ്സൈറ്റിലൂടെയും പോകാം, ലേലത്തിന്/ബിഡ് ഫോമുകൾ നേടുന്നതിനായി വെളിപ്പെടുത്തുന്ന സുരക്ഷിത അസറ്റിന്റെ വിശദാംശങ്ങൾ.
3. ലേലക്കാർക്ക് ഇലേലത്തിൽ അവരുടെ സ്വന്തം ഓഫീസുകളിൽ നിന്ന്/ അവർക്കിഷ്ടമുള്ള സ്ഥലത്ത് നിന്ന് / ലേലത്തിൽ പങ്കെടുക്കാം. ഇന്റർനെറ്റ് കണക്റ്റിവിറ്റി ഓരോ ലേലക്കാരനും സ്വയം ക്രമീകരിക്കേണ്ടതുണ്ട്. ഇന്റർനെറ്റ് കണക്റ്റിവിറ്റി, നെറ്റ്വർക്ക് പ്രശ്നങ്ങൾ, സിസ്റ്റം തകരാറുകൾ, വൈദ്യുതി തകരാർ തുടങ്ങിയവയ്ക്ക് അംഗീകൃത ഓഫീസർ/ ആർസിൽ/ സേവന ദാതാവ് ഉത്തരവാദികളായിരിക്കില്ല.
4. ഇലേലത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ, സഹായം, നടപടിക്രമങ്ങൾ, ഓൺലൈൻ പരിശീലനം എന്നിവയ്ക്ക്, ലേലം വിളിക്കുന്നവർ ശ്രീ. ഗുരുനാഥൻ സോളയപ്പൻ, ശ്രീ.യുവേക് ജെ. ശ്രീ. മെരാജ് സെയ്ദ്, ബന്ധപ്പെടേണ്ട നമ്പർ:+91 9176500311, 9962005554, 9820485425 ഇമെയിൽ ഐഡി: gurunathan.solaiappan@arcil.co.in, yuvek.j@arcil.co.in, meraj.sayed@arcil.co.in ബന്ധപ്പെടുക.
5. വാങ്ങാൻ ഉദ്ദേശിക്കുന്ന എല്ലാ വാങ്ങാൻ താല്പര്യപ്പെടുന്നവരും/ ലേലം വിളിക്കുന്നവരും മുകളിൽ സൂചിപ്പിച്ച പോർട്ടലിൽ www.arcil.co.in എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുകയും, നേരത്തേ സൂചിപ്പിച്ച തീയതിയിലും സമയത്തിലും ഇലേലത്തിൽ പങ്കെടുക്കുന്നതിന് യൂസർ ഐഡിയും പാസ്വേഡും സൗജന്യമായി നേടുകയും വേണം.
6. വസ്തുവിന്റെ പരിശോധനയ്ക്കും കൂടുതൽ വിവരങ്ങൾക്കോ, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർ ശ്രീ. ഗുരുനാഥൻ സോളയപ്പൻ, ശ്രീ.യുവേക് ജെ. ശ്രീ. മെരാജ് സെയ്ദ്, ബന്ധപ്പെടേണ്ട നമ്പർ:+91 9176500311, 9962005554, 9820485425 ഇമെയിൽ ഐഡി: gurunathan.solaiappan@arcil.co.in, yuvek.j@arcil.co.in, meraj.sayed@arcil.co.in എന്നിവരെ ബന്ധപ്പെടുക.
7. ലേലത്തിന്റെ ഏത് ഘട്ടത്തിലും, അംഗീകൃത ഉദ്യോഗസ്ഥന് ബിഡ് സ്വീകരിക്കുകയോ / നിരസിക്കുക / പരിഷ്ക്കരിക്കുക / റദ്ദാക്കുകയോ അല്ലെങ്കിൽ അതിന്റെ കാരണങ്ങളൊന്നും നൽകാതെയും മുൻകൂർ അറിയിപ്പും കൂടാതെ ലേലം മാറ്റിവയ്ക്കുകയോ ചെയ്യാം.
8. വിജയിയായ വാങ്ങുന്നയാൾ/ലേലക്കാരൻ ഏതെങ്കിലും നിയമപരമായ കുടിശ്ശികകൾ, നികുതികൾ, അടയ്ക്കേണ്ട ഫീസ്, വാങ്ങൽ പരിഗണനയ്ക്ക് ബാധകമായ ജിഎസ്ടി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് മുതലായവ ബാധകമായ നിയമം അനുസരിച്ച് അവന്റെ/അവളുടെ/അതിന് അനുകൂലമായി വഹിക്കേണ്ടതാണ്.
9. ലേലത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നവർ, അവരുടെ ബിഡ് സമർപ്പിക്കുന്നതിന് മുമ്പ്, ബാധ്യതകൾ, ലേലത്തിൽ വെച്ചിരിക്കുന്ന സുരക്ഷിത വസ്തുവിന്റെ അവകാശം, നിയമപരമായ കുടിശ്ശികകൾ ഉൾപ്പെടെയുള്ള സുരക്ഷിത ആസ്തികളെ ബാധിക്കുന്ന ക്ലെയിമുകൾ/അവകാശങ്ങൾ/കുടിശ്ശികകൾ എന്നിവയെ സംബന്ധിച്ച് അവരുടേതായ സ്വതന്ത്രമായ അന്വേഷണങ്ങൾ/ ജാഗ്രത പുലർത്തണം. കൂടാതെ ആർസിലിന്റെ ഏതെങ്കിലും പ്രതിബദ്ധതയോ ഏതെങ്കിലും പ്രാതിനിധ്യമോ ലേല പരസ്യം ഉൾപ്പെടുന്നില്ല, ഉണ്ടാക്കുന്നുമില്ല. ഏതെങ്കിലും മൂന്നാം കക്ഷി ക്ലെയിമുകൾ/അവകാശങ്ങൾ/കുടിശ്ശികകൾക്ക് ക്ക് ഒണ്ടായതാന്റെ അംഗീകൃത ഓഫീസർ ഒരു തരത്തിലും ഉത്തരവാദിയായിരിക്കില്ല.
10. പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ലേല വിജ്ഞാപനത്തിൽ വ്യക്തമാക്കിയ വിശദാംശങ്ങൾ താഴെ ഒപ്പിട്ടവരുടെ അറിവിലെ ഏറ്റവും മികച്ച വിവരങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്; എന്നിരുന്നാലും, താഴെ ഒപ്പിട്ടവർ ഏതെങ്കിലും പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ എന്നിവയ്ക്ക് ഉത്തരവാദി / ബാധ്യസ്ഥനായിരിക്കില്ല.
11. ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഇടപെടൽ/ഉത്തരവ് മൂലമുണ്ടാകുന്ന സംഭവങ്ങളിലും പിന്നീടുള്ള വികസനത്തിലും വിൽപ്പന റദ്ദാക്കുകയാണെങ്കിലോ നടപടിക്രമങ്ങൾ റദ്ദാക്കുകയോ ചെയ്യുകയാണെങ്കിൽ ആർസിൽ നിരതദ്രവ്യം പലിശകൂടാതെ തിരികെ നൽകുന്നതു, വാങ്ങുന്നയാൾ/ലേലക്കാർ എന്നിവർക്കുണ്ടാകുന്ന വിൽപ്പന വരുമാന നഷ്ടം, നാശനഷ്ടങ്ങൾ, ചെലവുകൾ/ചെലവുകൾ, ബിസിനസ് നഷ്ടം എന്നിവയുമായി ബന്ധപ്പെട്ട ആർസിൽ അല്ലെങ്കിൽ അതിന്റെ ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അവകാശം ഉന്നയിക്കാൻ വാങ്ങുന്നയാൾ/ലേലക്കാർക്ക് അവകാശം ഉണ്ടായിരിക്കില്ല.
12. പ്രസ്തുത കുടിശ്ശികയ്ക്ക് ബാധ്യതയുള്ള വായ്പക്കാരൻ/ ജാമ്യക്കാർ/ പണയക്കാർ, മുകളിൽ സൂചിപ്പിച്ച ലേല വിൽപന കൈവശം വയ്ക്കുന്നത് സംബന്ധിച്ച സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളുടെ 8, 9 ചട്ടങ്ങൾക്ക് കീഴിലുള്ള ഒരു അറിയിപ്പായി ഈ വിൽപ്പന അറിയിപ്പ് പരിഗണിക്കും.
13. ഇവിടെ ഷെഡ്യൂൾ ചെയ്തിരിക്കുന്ന ലേലം ഏതെങ്കിലും കാരണവശാൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ, സർഫേസി നിയമം, 2002, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിലെ റൂൾ 8(5) ന്റെ വ്യവസ്ഥകൾ പ്രകാരം സുരക്ഷിതമായ ആസ്തി മറ്റേതെങ്കിലും രീതികളിലൂടെ വിൽക്കാൻ ആർസിലിന് അവകാശമുണ്ട്.

അംഗീകൃത ഉദ്യോഗസ്ഥൻ
അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്.
ആർസിൽ-എസ്ബിപിഎസ്-006-VII ട്രസ്റ്റിന്റെ ട്രസ്റ്റി
സ്ഥലം: കേരള
തീയതി: 23.08.2024

ബഹുജന കൂട്ടായ്മയും അനുസ്മരണവും

പാനൂർ: സി.പി.ഐ.എം. പെരിങ്ങളം ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബഹുജന കൂട്ടായ്മയും, എൻ. ദാസൻ അനുസ്മരണവും പൂക്കോത്ത് സംഘടിപ്പിച്ചു. കെ.കെ. പവിത്രൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കെ.പി. രമേശൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. എൻ. അനൂപ്, എൻ. ദാസൻ അനുസ്മരണം നടത്തി. കെ.ടി.കെ. മനീഷ്, കെ. ബാലൻ, കെ. ദാസൻ മാസ്റ്റർ എന്നിവർ സംസാരിച്ചു.

ബാലസംഘം വില്ലേജ് സമ്മേളനം

പാനൂർ: ബാലസംഘം പെരിങ്ങളം വില്ലേജ് സമ്മേളനം കൊച്ചിയങ്ങാടിയിൽ നടന്നു. വില്ലേജ് പ്രസിഡന്റ് പ്രണവ് എസ്. സുനിൽ പതാക ഉയർത്തി. ബാലസംഘം പാനൂർ ഏരിയ പ്രസിഡന്റ് വിധു കൃഷ്ണ പരിപാടി ഉദ്ഘാടനം ചെയ്തു.

പി. ബിജോയ് മാസ്റ്റർ, പി.കെ. മോഹനൻ മാസ്റ്റർ, കെ.എം. സുനലൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികൾ ആയി സെക്രട്ടറി പ്രണവ് എസ്. സുനിൽ, പ്രസിഡന്റ് ശിവ ജയൻ, ജോയിന്റ് സെക്രട്ടറി അഷി നന്ദ്, ജോയിന്റ് സെക്രട്ടറി കെ. ദേവ നന്ദ, വൈസ് പ്രസിഡന്റ് ഒ. റോമ, വൈസ് പ്രസിഡന്റ് വേദിക രഞ്ജിത്ത്, കൺവീനർ കെ.എം. സുന ലൻ മാസ്റ്റർ, ജോയിന്റ് കൺവീനർ ഷീബ കണ്ണമ്പ്രത്ത്, ജോയിന്റ് കൺവീനർ പി. ബിജോയ് മാസ്റ്റർ എന്നിവരെ തെരഞ്ഞെടുത്തു.